(എഫ്) ഇത് കേന്ദ്രഗവൺമെന്റിന്റെയും റിസർവ്വ് ബാങ്കിന്റെയും നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

113 (1174) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതൊക്കെ ഏജൻസികളിൽ നിന്നുമാണ് സാമ്പത്തിക സഹായം ലഭിക്കുന്നത് ;

(സി) ഓരോ പദ്ധതിക്കും ഈ സാമ്പത്തിക വർഷം നേടാൻ കഴിഞ്ഞ സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഇനിയും സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ് ;

(ഇ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം നേടിയെടുക്കുന്നതിൽ ഉണ്ടായ വീഴ്ചകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് ഈ പദ്ധതികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നത്.

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ ലഭിച്ച ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്-66.79 ലക്ഷം രൂപ.
2. ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ്-73.56 ലക്ഷം രൂപ
3. ജലവിതരണ പദ്ധതി, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്-175 ലക്ഷം രൂപ

(ഡി) ഇനിയും സാമ്പത്തിക സഹായത്തിനായി വ്യവസായ വകുപ്പ് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കരകൗശല പദ്ധതിയിൻ കീഴിലുള്ള അർബൻ ഹാത്ത് പദ്ധതി പ്രകാരമുള്ള പ്രൊപ്പോസൽ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. ദീൻദയാൽ പദ്ധതി പ്രകാരം 389.11 ലക്ഷം രൂപയുടെ പ്രൊപ്പോസൽ.

3. ഹാൻലൂം എക്സ്പോർട്ട് പ്രകാരം 86 ലക്ഷം രൂപയുടെ ഒരു പദ്ധതി.

4. ഹെൽത്ത് പാക്കേജ് സ്കീമിന് 87.24 ലക്ഷം രൂപയുടെ പ്രൊപ്പോസൽ.

5. ടെക്സ്റ്റൈൽ സെന്റർ ഇൻഫ്രാസ്ട്രക്ച്ചറർ ഡെവലപ്മെൻറ് സ്കീം പ്രകാരം 26.67 കോടി രൂപയുടെ പ്രോജക്ട്.

കിൻഫ്ര സമർപ്പിച്ചിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

1. പുതുതായി അടൂരിൽ ഒരു ഫുഡ്പ്രോസസ്സിംഗ് പാർക്ക് സ്ഥാപിക്കുന്നതിന് കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുള്ള പദ്ധതി.

2. തിരുവനന്തപുരത്തും കൊച്ചിയിലും ബയോടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ.

(ഇ) വ്യവസായ വകുപ്പിൻ കീഴിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം നേടിയെടുക്കുന്നതിൽ വീഴ്ചകൾ ഉണ്ടായിട്ടില്ല.

പുതിയ വ്യവസായങ്ങൾ

114 (1177) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വൻകിട-ചെറുകിട-കുടിൽ വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു എന്ന ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായ വകുപ്പിൻ കീഴിൽ 30,933 ചെറുകിട വ്യവസായങ്ങളും കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ 8 ചെറുകിട വ്യവസായങ്ങളും 34 വൻകിട വ്യവസായങ്ങളും കിൻഫ്ര പാർക്കുകളിൽ 20 ചെറുകിട വ്യവസായങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly